File No.SJD/2176/2022-E1

<u>സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ:എം.അഞ്ജന ഐ.എ.എസ്)

ഉത്തരവ് നം. SJD/2176/2022-E1 | തിരുവനന്തപുരം, തീയതി. 26/05/2022

വിഷയം: സാമൂഹ്യ നീതി വകുപ്പ്- ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റ നിയമനവും സ്ഥലംമാറ്റവും - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.സാമൂഹ്യനീതി ഡയറക്ടറുടെ 7/02/2022 ലെ SJD/3291/2021-E6 നം നടപടിക്രമങ്ങൾ
2.സാമൂഹ്യനീതി ഡയറക്ടറുടെ 7/05/2022 ലെ SJD/2505/2021-E1 നം നടപടിക്രമങ്ങൾ

സാമൂഹ്യനീതി വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-1 തസ്തികയിലേക്ക് പരാമർശം (2) പ്രകാരം ബൈടാൻസ്ഫർ ഉദ്യോഗക്കയറ്റം അനുവദിച്ചതു മുഖേന ജൂനിയർ സൂപ്രണ്ട് തസ്തികയിൽ മൂന്ന് ഒഴിവുകൾ നിലവിൽ വരുകയുണ്ടായി. കോട്ടയം ജില്ല സാമൂഹ്യനീതി ഓഫീസിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ .ചാർലസ്.ജി 31-03-2022 ൽ സേവനത്തിൽ നിന്നും പെൻഷൻപ്പറ്റി വിരമിച്ചതിനെ തുടർന്ന് ഒരു ഒഴിവ് വകുപ്പിൽ നിലനിൽക്കുകയാണ്. ഈ നാല് ഒഴിവുകളിലേയ്ക്ക് പരാമർശം (1) പ്രകാരമുള്ള ഹെഡ് അക്കൌണ്ടന്റ് തസ്തികയിലെ ജീവനക്കാരുടെ മുൻഗണന പട്ടികയിൽ നിന്നും മിനിസ്റ്റീയൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന ക്രമനം.1 മുതൽ 4 വരെയുള്ള ചുവടെ പേര് ചേർത്തിട്ടുള്ള ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.

1.ബിനേഷ്.ജി
2.പ്രിയദർശിനി.കെ
3.രജനി.ടി
4.പ്രദീപ് കുമാർ.എസ്

ഈ സാഹചര്യത്തിൽ പരാമർശിത സീനിയോരിറ്റി ലിസ്റ്റിലെ ഹെഡ് അക്കൌണ്ടന്റ് തസ്തികയിലെ യോഗ്യരായ ജീവനക്കാർക്ക് ജൂനിയർ സൂപ്രണ്ട് തസ്തികയിൽ കെ.എസ്.& എസ്.എസ്.ആർ ചട്ടം 28 എ (1) പ്രകാരം (43400-91200) രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി ചുവടെ അവരവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ചും, ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>സ്ഥലംമാറ്റം</u>

| ക്രമനം | ജീവനക്കാരന്റെ പേര് തസ്തിക നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന തസ്തിക കാര്യാലയം |
|---|---|---|
| 1 | ജ്യോതിഷ് .സി.എസ്<br>പെൻ നം.450430<br>ജൂനിയർ സൂപ്രണ്ട് | ജൂനിയർ സൂപ്രണ്ട്<br>ജില്ല സാമൂഹ്യനീതി ഓഫീസ്,<br>പാലക്കാട് |

| | സാമൂഹ്യനീതി ഡയറക്ടറേറ്റ് | |
|---|---|---|

**ഉദ്യോഗക്കയറ്റം**

| ക്രമനം | പേര് തസ്തിക നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റ നിയമനം നൽകുന്ന തസ്തിക കാര്യാലയം |
|---|---|---|
| 1 | ബിനേഷ്.ജി<br>പെൻ നം.441668<br>ഹെഡ് അക്കൌണ്ടന്റ്<br>ജില്ല സാമൂഹ്യനീതി ഓഫീസ്<br>കോഴിക്കോട് | ജൂനിയർ സൂപ്രണ്ട്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് |
| 2 | പ്രിയദർശിനി.കെ<br>പെൻ നം.213182<br>ഹെഡ് അക്കൌണ്ടന്റ്<br>ജില്ല സാമൂഹ്യനീതി ഓഫീസ് എറണാകുളം | ജൂനിയർ സൂപ്രണ്ട്<br>ജില്ല സാമൂഹ്യനീതി ഓഫീസ്, കോട്ടയം |
| 3 | രജനി.ടി<br>പെൻ നം.427493<br>ഹെഡ് അക്കൌണ്ടന്റ്<br>ജില്ല സാമൂഹ്യനീതി ഓഫീസ്, കോട്ടയം | ജൂനിയർ സൂപ്രണ്ട്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് |
| 4 | പ്രദീപ് കുമാർ.എസ്<br>പെൻ നം.203038<br>ഹെഡ് അക്കൌണ്ടന്റ്<br>ജില്ല സാമൂഹ്യനീതി ഓഫീസ്, കൊല്ലം | ജൂനിയർ സൂപ്രണ്ട്<br>ജില്ല സാമൂഹ്യനീതി ഓഫീസ്, കൊല്ലം |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടയിരിക്കും. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത പ്രവേശനകാലത്തിനും യാത്രബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്. ടി ജീവനക്കാർ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു വർഷത്തെ നിരീക്ഷണകാലം പൂർത്തികരിക്കേണ്ടതാണ്. അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരന് journey time-ന് മാത്രം അർഹത ഉണ്ടായിരിക്കുന്നതാണ്.

ഉദ്യോഗക്കയറ്റം/സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവി വിടുതൽ ചെയ്യേണ്ടതും ജീവനക്കാരൻ/ജീവനക്കാരി യഥാസമയം ജോലിയിൽ പ്രാവേശിക്കേണ്ടതുമാണ്. ജീവനക്കാരുടെ വിടുതൽ, പ്രവേശനം എന്നിവ സംബന്ധിച്ച റിപ്പോർട്ട് കാര്യാലയ മേധാവികൾ അയച്ച തരേണ്ടതാണ്.

**എം.അഞ്ജന ഐ.എ.എസ്**
**സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1. ബന്ധപ്പെട്ട ജില്ല സാമൂഹ്യനീതി ഓഫീസർമാർക്ക്
2. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
3. എഫ് സെക്ഷൻ സൂപ്രണ്ട് (വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
4. സ്റ്റോക്ക് ഫയൽ/സ്പെയർ

File No.SJD/2176/2022-E1

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്